(ബി) ഉദിക്കുന്നില്ല.

ആഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ

94 (2892)ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ്.ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടപടികൾ നടത്തുന്നതിന് സർക്കാർ എന്ത് സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സെൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശപ്രകാരം ജില്ലാ പഞ്ചായത്തുകളുടെയും, മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലുമായി സർക്കാർ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ നിയമപരമായ ചുമതല ഇപ്പോൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. അത് പ്രസ്തുത വകുപ്പ് നിർവ്വഹിക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ഓഡിറ്റ് നടത്തുന്നതിന് സെക്രട്ടേറിയറ്റ്, മുനിസിപ്പൽ ഭരണവകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവിടങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥൻമാരുടെ പ്രത്യേക ടീമുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി)&(സി) 25 ലക്ഷം രൂപയ്ക്കു മുകളിൽ ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും അക്കൗണ്ടന്റ് ജനറൽ നിയമപ്രകാരം ഓഡിറ്റ് നടത്തേണ്ടതുണ്ട്. ആകയാൽ പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യമില്ല.

പഞ്ചായത്ത് വകുപ്പിലെ ഓഡിറ്റിംഗ്

95(2893) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരിൽനിന്നും ഓഡിറ്റിംഗിൽ യോഗ്യതയുള്ളവരുടെ ഒരു പാനൽ തയ്യാറാക്കി കാര്യക്ഷമമായ ഓഡിറ്റിംഗ് നടത്താൻ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് ഒരു സ്വതന്ത്ര ഓഡിറ്റ് കമ്മിഷൻ രൂപീകരിക്കണമെന്നും അതിന് നേതൃത്വം നൽകേണ്ടത് ഓഡിറ്റിംഗിൽ വൈദഗ്ധ്യമുള്ളവരായിരിക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഒരു വിഭാഗം സ്റ്റാഫിന്റെ സേവനം കമ്മിഷന് ഉപയോഗപ്പെടുത്താമെന്നും അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതാണ്. ഈ ശുപാർശ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആയതിനാൽ ഓഡിറ്റിന് പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു പാനൽ തയ്യാറാക്കേണ്ട ആവശ്യം വരുന്നില്ല. ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ഓഡിറ്റിന് ഇപ്പോൾ തന്നെ പഞ്ചായത്തുവകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

പെർഫോർമൻസ് ഓഡിറ്റ് ഏജൻസികൾ

96 (2894)ശ്രീ. ജോർജ്.ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരവു ചെലവുകളുടെ ത്രൈമാസ പെർഫോർമൻസ് ഓഡിറ്റിനും, വാർഷിക ഓഡിറ്റിനും നിലവിൽ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പെർഫോർമൻസ് ഓഡിറ്റ് ഏജൻസികൾ, പഞ്ചായത്ത്രാജ്-നഗരപാലിക സ്ഥാപനങ്ങളുടെ പെർഫോർമൻസ് ഓഡിറ്റ് ആരംഭിച്ചത് എന്നാണ്; അവർ 1997-98 സാമ്പത്തിക വർഷം എത്ര ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ, ടൗൺ പഞ്ചായത്ത് എന്നിവയുടെ ഓരോന്നിന്റെയും പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 1997-98 വർഷത്തെ പഞ്ചായത്ത്രാജ്-നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളെ സംബന്ധിക്കുന്ന വാർഷിക ഓഡിറ്റ് നടത്തിയ ഏജൻസികൾ ഏതെല്ലാമാണെന്നും അവർ എത്ര പഞ്ചായത്ത്രാജ്, നഗരപാലിക സ്ഥാപനങ്ങളിൽ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും തരംതിരിച്ചു വ്യക്തമാക്കുമോ;

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിക്കുന്ന വിവിധ ഓഡിറ്റ് ഏജൻസികൾ നടത്തുന്ന പരിശോധന ഏകീകരിച്ച് ഒരു ഓഡിറ്റ് ഏജൻസിയുടെ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഏജൻസി ഏതാണെന്നും ആയത് എന്ന ത്തേയ്ക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്ന് മാസത്തിലൊരിക്കലുള്ള പെർഫോർമൻസ് ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്വകുപ്പ് മുഖേനയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ അന്വേഷണം, അക്കൗണ്ടന്റ് ജനറലിന്റെ പ്രത്യേക ഓഡിറ്റ് എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുവാൻ നിലവിലുള്ള ഏജൻസികൾ.

(ബി) 11.7.97-ലെ സ.ഉ.(റെക)172/97/തഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം രൂപീകൃതമായ പെർഫോർമൻസ് ഓഡിറ്റ് വിഭാഗങ്ങൾ മിക്കവാറും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഒരുവട്ടം പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്.

(സി) പെർഫോർമൻസ് ഓഡിറ്റ് വിഭാഗം, ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് വിഭാഗം, അക്കൗണ്ടന്റ് ജനറൽ എന്നി

LIBRARY ARCHIVES Kerala Legislative Assembly